**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3214** **25-10-2021 - ൽ മറുപടിയ്ക്ക്**

**മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ ഡിവിഷനുകളും അദ്ധ്യാപക തസ്തികകളും സൃഷ്ടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിലെ മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ അനുവദിച്ച എത്ര ഡിവിഷനുകൾ മുൻ അദ്ധ്യയന വർഷത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | അവസാനമായി തസ്തിക നിർണ്ണയം നടന്നിട്ടുള്ളത് 2019-20 വർഷത്തിലാണ്. പ്രസ്തുത തസ്തിക നിർണയത്തിൽ 2018-19 നേക്കാൾ കൂടുതലായി 5 അധിക ഡിവിഷനുകളും, 7 അധിക തസ്തികകളും അനുവദിച്ചിരുന്നു. പിന്നീട് നടന്ന പരിശോധന യിൽ പ്രസ്തുത അധിക ഡിവിഷനുകളും തസ്തികകളും അനുവദിക്കുവാൻ ആവില്ല എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ പ്രകാരം അനുവദിച്ചിരുന്ന 5 അധിക ഡിവിഷനുകളും, 7 അധിക തസ്തികകളും കുറവ് ചെയ്ത് തസ്തിക നിർണയഉത്തരവ് പുതുക്കി നൽകിയിരുന്നു. |
| (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുകയും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ എത്ര അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന വിവരം വ്യക്തമാക്കാമോ; | (ബി) | 2019-20 വർഷത്തിൽ ആദ്യം അനുവദിച്ചിരുന്ന 7 അധിക തസ്തികകൾ നഷ്ടപ്പെട്ടു. പിന്നീട് 2020-21, 2021-22 നും 2019-20-ലെ തസ്തിക നിർണയം തുടരുകയാണ് ചെയ്യുന്നത് |
| (സി) | ഈ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾ വർദ്ധിക്കുകയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ എത്ര പുതിയ ഡിവിഷനുകളും അദ്ധ്യാപക തസ്തികകളും അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) | 2019-20 ന് ശേഷം തസ്തിക നിർണയം നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ